11/04/2026

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/04/2026

1. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകളായ നേന്ത്രൻ – 30 രൂപ, റോബസ്റ്റ – 20 രൂപ, ഗ്രാൻനെയ്ൻ – 20 രൂപ എന്നീ നിരക്കിൽ വില്പ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04936-260561, 04936-260421 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങളിൽ നിന്നും 01/04/2026-മുതൽ 31/03/2027 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കാൻ താൽപര്യമുള്ളവർ 16/04/2026-ന് പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി നടത്തുന്ന ലേലത്തിൽ 1000/-രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി 0471_2732962 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.പശുപരിപാലനം, ആടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയിലൂടെ കർഷകരുടെ വരുമാനം

വർധിപ്പിക്കുകയും സ്വയംതൊഴിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് National Livestock Mission (NLM). സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി – (EDP), ആട് , ചെമ്മരിയാട്, കോഴി, പന്നി എന്നിവയുടെ ഫാമുകൾ തുടങ്ങുന്നതിന് 50% സബ്സിഡിയിൽ പരമാവധി ₹50 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിൽ – പച്ച പുല്ല് കൃഷി, സൈലേജ് നിർമ്മാണം, തീറ്റപ്പുൽ വിത്ത് നിർമ്മാണം, എന്നിവക്കും, ബ്രീഡ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിൽ – ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ , ക്വാളിറ്റി ബ്രീഡ് ഡെവലൊപ്മെൻറ് ട്രെയിനിങ് പരിപാടി എന്നിവക്കും, സ്കിൽ ഡെവലൊപ്മെന്റ് & ട്രെയിനിങ് ,കർഷകർക്കുള്ള പരിശീലനം, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് പരിപാടി എന്നിവക്കും ധനസഹായം ലഭിക്കുന്നതാണ്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് , കേരള കന്നുകാലി വികസന ബോർഡ് എന്നിവ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR) സഹിതം NLM ന്റെ ഒഫീഷ്യൽ സൈറ്റിൽ രജിസ്റ്റർ ചെയ്യുതിനു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ് വെബ് സൈറ്റ് https://nlm.udyamimitra.in

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് 2026 ഏപ്രിൽ 20 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റ ർ ചെയ്യാം. ഏപ്രിൽ 30 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനല് പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ഏപ്രിൽ 20 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. Phone: 0487-2438566

## കാർഷിക നിർദേശം

വെള്ളരിവർഗ വിളകൾ മൃദുരോമ പൂപ്പൽ രോഗം – മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ആഴ്ച തോറും തളിച്ച് കൊടുക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്തു തീയിട്ടു നശിപ്പിക്കുക.

വെണ്ട – തണ്ടുതുരപ്പൻ

സാധ്യമായത്രയും കായകൾ പറിച്ചു മാറ്റിയതിനു ശേഷം ക്ലോറാന്ട്രാനിലിപ്രോൾ (കോരാജൻ") മൂന്നു മില്ലി പത്തു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തണ്ടുകളിൽ പൂർണമായും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff


Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വീഴത്തക്ക വിധം തളിക്കുക തളിക്കുക. കീട നാശിനി തളിച്ചതിനു ശേഷം ഒരാഴ്ച കഴിഞ്ഞാൽ മാത്രം അടുത്ത വിളവെടുപ്പ് നടത്തുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം